ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 05.12.2025**

### പ്രധാന വാർത്തകൾ

**TIME: 12.30 PM**

1. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ.

2. ശീതകാല സമ്മേളനത്തിന്റെ 5-ാം ദിവസമായ ഇന്ന് പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു.

3. സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പരസ്യപ്രചാരണത്തിന് ഇനി മൂന്നുനാൾ കൂടി. ആദ്യ ഘട്ട വോട്ടെടുപ്പ് ചൊവ്വാഴ്ച.

4. ദ്വൈമാസ ധനനയ പ്രഖ്യാപനത്തിൽ റിപ്പോ നിരക്ക് കാൽശതമാനം കുറച്ച് റിസർവ്വ് ബാങ്ക്.

5. ശബരിമല സ്വർണ കവർച്ച കേസിൽ എഫ്.ആർ.ആറിന്റെ പകർപ്പ് ആവശ്യപ്പെട്ടുള്ള ഇ ഡിയുടെ അപേക്ഷ കൊല്ലം വിജിലൻസ് കോടതിയിൽ ഈ മാസം 10 ന് പരിഗണിക്കും.

6. ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ന് ഇന്ത്യ, ബെൽജിയം പോരാട്ടം.

## ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടി

രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനത്തിന് എത്തിയ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ചേർന്ന് റഷ്യൻ പ്രസിഡന്റിനെ സ്വീകരിച്ചു. തുടർന്ന് രാജ്ഘട്ടത്തിൽ എത്തിയ അദ്ദേഹം രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി റഷ്യൻ പ്രസിഡന്റ് ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിലും ഇരുനേതാക്കളും പങ്കെടുക്കും. രാഷ്ട്രപതി ഭവനിൽ ഒരുക്കുന്ന അത്താഴ വിരുന്നിലും വ്ളാഡിമിർ പുടിൻ സംബന്ധിക്കും.

*******************************

## പാർലമെന്റ്

ശീതകാല സമ്മേളനത്തിന്റെ 5-ാം ദിവസമായ ഇന്ന് പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. തമിഴനാട്ടിലെ ക്ഷേത്രവുമായി ബന്ധപ്പെട്ട വിഷയത്തെ ചൊല്ലി ഡിഎംകെ അംഗങ്ങൾ നടത്തിയ പ്രതിഷേധത്തെ തുടർന്ന് 12 മണി വരെ നിർത്തിവെച്ച ലോക്സഭ നടപടികൾ, വീണ്ടും പുനഃരാരംഭിച്ചു. രാജ്യസഭയിൽ നടപടികൾ തടസ്സമില്ലാതെ പുരോഗമിക്കുകയാണ്. തെഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ സംബന്ധിച്ച് ലോക്സഭയിലെ ചർച്ചയ്ക്ക് ശേഷം രാജ്യസഭയും ഇക്കാര്യം ചർച്ച ചെയ്യുമെന്ന് കേന്ദ്ര പാർലമെനമെന്ററികാര്യമന്ത്രി കിരൺ റിജിജു സഭയെ അറിയിച്ചു.

*******************************

## തദ്ദേശ തെരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പരസ്യപ്രചാരണത്തിന് ഇനി മൂന്നുനാൾ കൂടി. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിൽ ഈ മാസം ഒമ്പതിനാണ് ആദ്യഘട്ട വോട്ടെടുപ്പ്. മൂന്ന് മുന്നണികളും തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ശക്തമാക്കിയിരിക്കുകയാണ്. പ്രചാരണ ചെലവ് നിരീക്ഷിക്കാനും മാതൃക പെരുമാറ്റ ചട്ടം ഉറപ്പാക്കാനും തിരഞ്ഞെടുപ്പ് കമ്മീഷനും ജാഗ്രതയോടെ രംഗത്തുണ്ട്. രണ്ടാം ഘട്ടത്തിൽ തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ 11ന് വോട്ടെടുപ്പ് നടക്കും. 13 നാണ് വോട്ടെണ്ണൽ.

******************************

## തിരഞ്ഞെടുപ്പ് ബോധവത്കരണം (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളെ കുറിച്ച് മനസ്സിലാക്കാം......

*(വോയ്സ്)*

*ബാലറ്റ് പേപ്പറിൽ നിന്ന് ഇ.വിഎമ്മുകളിലേക്കുള്ള മാറ്റം തിരഞ്ഞെടുപ്പ് പ്രക്രിയ നടന്ന ഏറ്റവും വലിയ പരിഷ്കരണമെന്ന് വിശേഷിപ്പാക്കാവുന്നതാണ്. ബാലറ്റ് പേപ്പറുകൾ എണ്ണി പൂർത്തിയാക്കാൻ എടുക്കുന്ന കാലതാമസം വോട്ടെണ്ണൽ ദിവസം തിരഞ്ഞെടുപ്പ് ഫലം അറിയാനുള്ള കാത്തിരിപ്പും കൂട്ടും. എന്നാൽ ഇന്ന് വോട്ടെണ്ണൽ ദിവസം തന്നെ ഫലം അറിയാൻ സാധിക്കുന്നത് ഇ വി എമ്മുകളുടെ വരവോടെയാണ്. തദ്ദേശ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്ന വോട്ടിംഗ് മെഷീനുകളുടെ പരിശോധന ഇതിനോടകം പൂർത്തിയായി കഴിഞ്ഞു. വോട്ടെടുപ്പിന് ഒരാഴ്ച മുമ്പ് ഇവയിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തും. ഒരു ബാലറ്റ് യൂണിറ്റിൽ പരമാവധി 15*

*സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവുമാണ് രേഖപ്പെടുത്തുന്നത്. 15-ൽ അധികം സ്ഥാനാർത്ഥികൾ ഉണ്ടാവുകയാണെങ്കിൽ അധിക ബാലറ്റ് യൂണിറ്റ് സജ്ജമാക്കും. തദ്ദേശ തെരഞ്ഞെടുപ്പിൽ NOTA ഇല്ല എന്നതാണ് മറ്റൊരു പ്രത്യേകത.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

******************************

ഇടമലക്കുടി തെരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ 41 സ്ഥാനാർത്ഥികളാണ് ഇത്തവണ ജനവിധി തേടുന്നത്. ആകെ 1,803 വോട്ടർമാരുള്ള ഇവിടെ 14 വാർഡുകളും പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്നു.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..

(വോയിസ്)

******************************

എസ്ഐആർ - ദേശീയം

അതെസമയം, രാജ്യത്ത് എസ് ഐ ആർ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഇതുവരെ വിതരണം ചെയ്ത എന്യുമറേഷൻ ഫോമുകളുടെ എണ്ണം 50 കോടി 97 ലക്ഷം കവിഞ്ഞതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 51 കോടി സമ്മതിദായകരുടെ 99.83 ശതമാണിത്.

******************************

രത്തൻ യു കേൽക്കർ

സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത എസ്ഐആർ ഫോമുകളുടെ എണ്ണം 2 കോടി 61 ലക്ഷത്തി 55,000 ത്തോട് അടുക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 93.91% ആണ്. ഫോമുകൾ സ്വീകരിക്കുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനുമായി സജ്ജമാക്കിയിട്ടുള്ള ക്യാമ്പുകൾ ഇന്നും തുടരും.

*****************************

## തൃശ്ശൂർ കളക്ടർ - എസ് ഐ ആർ (ഇൻട്രോ)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ 99.87 ശതമാനം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ആകാശവാണി വാർത്തകളോട് പറഞ്ഞു. ജില്ലയിൽ പൊതുജനപങ്കാളിത്തം മികച്ച രീതിയിൽ ഉണ്ടായെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*****************************

## കാസർഗോഡ് തെരഞ്ഞെടുപ്പ്

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ 98.58 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കാസർകോട് ജില്ല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തി. പത്തു ലക്ഷത്തി 62,981 എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്താണ് ഈ നേട്ടം കൈവരിച്ചത്. 98.53 ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വയനാട് ജില്ലയാണ് രണ്ടാം സ്ഥാനത്ത്.

*****************************

## ദോഹ-കൊച്ചി എയർ ഇന്ത്യ

തിരുവനന്തപുരത്തേക്ക് വഴിതിരിച്ചു വിട്ട ദോഹ-കൊച്ചി എയർ ഇന്ത്യ എക്സ്പ്രസ് വിമാനം, കൊച്ചിയിലേക്കു മടങ്ങി. മോശം കാലാവസ്ഥയെ തുടർന്നാണ് കൊച്ചിയിൽ ഇറക്കാതെ വിമാനം രാവിലെ തിരുവനന്തപുരത്തേക്കു തിരിച്ചു വിട്ടത്.

******************************

## ഇൻഡിഗോ വിമാനം

ഡൽഹി വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്ന ഇൻഡിഗോ ആഭ്യന്തര വിമാന സർവീസുകൾ ഇന്ന് അർദ്ധരാത്രി വരെ റദ്ദാക്കി. മറ്റ് എല്ലാ വിമാനക്കമ്പനികളുടെയും പ്രവർത്തനങ്ങൾ ഷെഡ്യൂൾ ചെയ്തതുപോലെ തുടരും. യാത്രാ തടസ്സം നീക്കുന്നതിനും അസൗകര്യങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

******************************

## പണനയം

റിസർവ് ബാങ്കിന്റെ ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 25 ബെയിസിസ് പോയിന്റ്സ് കുറച്ച് 5.25 ശതമാനമാക്കി. തീരുമാനം ആറ് അംഗ കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചതായി ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. ഭവന, വാഹന വായ്പകളിൽ ഈ നിരക്ക് പ്രതിഫലക്കുമെന്നാണ് വിലയിരുത്തൽ. നടപ്പ് സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ചാ നിരക്ക് 7.3 ശതമാനത്തിലേക്ക് ഉയർന്നതായും അദ്ദേഹം പറഞ്ഞു. നേരത്തെ ഇത് 6.8 ശതമാനം ആകുമെന്നാണ് കണക്കാക്കിയിരുന്നത്.

******************************

## ശബരിമല സ്വർണ്ണം - ഇഡി

ശബരിമല സ്വർണ കവർച്ച കേസിൽ എഫ്.ആർ.ആറിന്റെ പകർപ്പും മൊഴികളും, കൈമാറണമെന്നാവശ്യപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിന്റെ അപേക്ഷ കൊല്ലം വിജിലൻസ് കോടതി ഈ മാസം 10 ന് പരിഗണിക്കും. കള്ളപ്പണ വിഷയം അന്വേഷിക്കുന്നത് ഹൈക്കോടതി വിലക്കിയിട്ടില്ലെന്ന് ദേവസ്വം ബെഞ്ച് വ്യക്തമാക്കിയതോടെയാണ് ഇ.ഡി. അപേക്ഷ സമർപ്പിച്ചത്. അതേസമയം തിരുവാഭരണം മുൻ കമ്മീഷണർ കെ. എസ്. ബൈജുവിന്റെ റിമാൻഡ് കാലാവധി കോടതി 14 ദിവസത്തേക്ക് നീട്ടി.

******************************

## വി ഡി സതീശൻ

ശബരിമല സ്വർണപാളി ക്രമക്കേട് കേസിൽ അറസ്റ്റിലായ നേതാക്കൾക്കെതിരെ നടപടിയെടുക്കാൻ സിപിഎം തയ്യാറാകുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതി റിമാൻറ് ചെയ്യുകയും ജാമ്യം നിഷേധിക്കുകയും ചെയ്തത്. എന്നിട്ടും ഇവർക്കെതിരെ നടപടിയെടുക്കാത്തത് ജനങ്ങളോടുള്ള വഞ്ചനയാണെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു.

******************************

## കെ. ജയകുമാർ

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാറിനെ തൽസ്ഥാനത്തു നിന്ന് അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ ബി. അശോകിന്റെ ഹർജി. തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ കോടതി, ശ്രീ.ജയകുമാറിനും, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അടുത്ത മാസം 15 ന് ഹാജരാകാൻ നോട്ടീസ് അയച്ചിട്ടുണ്ട്. സർക്കാർ

സേവനമനുഷ്ഠിക്കുന്ന ശ്രീ ജയകുമാറിന് തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമപ്രകാരം ദേവസ്വം ബോർഡ് പ്രസിഡന്റ് സ്ഥാനം വഹിക്കുന്നതിന് നിയമപരമായി വിലക്കുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി.

******************************

## പുരുഷ ഹോക്കി ലോകകപ്പ്

ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും. രാത്രി എട്ടു മണിക്ക് ചെന്നൈയിലാണ് മത്സരം.

******************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 308 പോയിന്റ് ഉയർന്ന് 85,578 ലും നിഫ്റ്റി 94 പോയിന്റ് ഉയർന്ന് 26,132 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില ഗ്രാമിന് 25 രൂപ വർധിച്ച് 11,910 രൂപയും പവന് 95,280 രൂപയുമായി.

******************************

## ലോക മണ്ണ് ദിനം

ഇന്ന് ലോക മണ്ണ് ദിനം. ആവാസവ്യവസ്ഥയുടെ പ്രവർത്തനങ്ങൾ, ഭക്ഷ്യസുരക്ഷ എന്നിവയിൽ മണ്ണ് വഹിക്കുന്ന പങ്കിനെക്കുറിച്ച് ആഗോള അവബോധം വളർത്തുന്നതിനായാണ് മണ്ണ് ദിനം ലക്ഷ്യമിടുന്നത്. ആരോഗ്യമുള്ള നഗരങ്ങൾക്കായി ആരോഗ്യമുള്ള മണ്ണ് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിലൂടെ സുസ്ഥിര ഭാവി

ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ആശംസ സന്ദേശത്തിൽ പറഞ്ഞു.

*

*********

**************************************************